(ഡി) ഈ പാലത്തിന്റെ പണിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടിയെടുക്കുന്നുണ്ട്.

(ഇ) പുള്ള്-മനക്കൊടി റോഡിന് 75 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ഉടനെ ടെണ്ടർ വിളിക്കാവുന്നതാണ്.

(എഫ്) 20 ലക്ഷം.

(ജി) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എച്ച്) നെടുപുഴ-വടുക്കര-അരണാട്ടുകര റോഡിന്റെ ആദ്യഘട്ടത്തിലെ 3.4 കി. മീ. റോഡ് പൂർത്തീകരിച്ചു.

(ഐ) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നീലേശ്വരം റെയിൽവേ മേൽപ്പാലം നിർമ്മാണം

64 [662] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം റെയിൽവേ മേൽപ്പാലം നിർമ്മാണത്തിൽ എന്തൊക്കെ പ്രവർത്തികൾ പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്നും മേൽപ്പാലം എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായിട്ട് ഫൂട്ട് ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കാമോ ?

ഉത്തരം

(എ) ഈ മേൽപ്പാലം ഫെബ്രുവരി 2-ാം വാരത്തോടുകൂടി ടാറിംഗ് പണികൾ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ടെണ്ടർ നടപടികൾ

65 [663] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ടെണ്ടർ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നു തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേ (27.8 കി.മീ.) കെ. എസ്. റ്റി.പി. യുടെ രണ്ടാംഘട്ട അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ സ്വീകരിച്ച് ലോക ബാങ്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) 2005 മാർച്ചിൽ തുടങ്ങാമെന്ന് പ്രതീക്ഷിക്കുന്നു.

ആവയാർ-ചേറ്റുകുഴി ലിങ്ക് റോഡിന്റെ നിർമ്മാണ പുരോഗതി

66 [664] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽകൂടി കടന്നുപോകുന്ന കുമരകം-കമ്പം സംസ്ഥാന ഹൈവേയിലെ ആവയാർ-ചേറ്റുകുഴി ലിങ്ക് റോഡിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ വീതി കൂട്ടുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തടസ്സങ്ങൾ തീർക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യും (സി) യും തടസ്സങ്ങൾ ഒന്നും നിലവിലില്ല.

ചേർപ്പ് നിയോജക മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

67 [665] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ചേർപ്പ് നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ നിർമ്മാണത്തിനാണ് നബാർഡിന്റെ ധനസഹായം ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) ചേർപ്പ് നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് റോഡുകളാണ് പി. ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) (1) കോടന്നൂർ-നെടുപുഴ-പടിഞ്ഞാറെ കോട്ടറോഡ്

(2) ചാത്തക്കുടം-എറവക്കാട് റോഡ്.

(3) ഉങ്ങിൻചുവട്-വല്ലച്ചിറ-കടലാശ്ശേരി റോഡ്

(4) പുള്ള്-മനക്കൊടി റോഡ്

(5) പഴുവിൽ-കുണ്ടോളിക്കടവ് റോഡ്

LIBRARY ARCHIVES Kerala Legislative Assembly